# സാമൂഹിക പ്രത്യാഘാത പഠനം

## ഗ്ലോബൽ ഡയറി വില്ലേജ് സ്ഥാപനം
## പടുവിലായി വില്ലേജ് , തലശ്ശേരി താലൂക്ക്
## കണ്ണൂർ ജില്ല

**10.91 ഹെക്ടർ**

കരട് റിപ്പോർട്ട്
തീയതി : 25/10/2023

റിക്വസിഷൻ അധികാരി
**മൃഗസംരക്ഷണ വകുപ്പ്**
**ക്ഷീര വികസന വകുപ്പ്**

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

## <u>ഉള്ളടക്കം</u>

**പഠന റിപ്പോർട്ട് - രത്ന ചുരുക്കം**

1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). നടപ്പാക്കൽ ഏജൻസി

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

# ഗ്ലോബൽ ഡയറി വില്ലേജ് സ്ഥാപനം
# പടുവിലായി വില്ലേജ് , തലശ്ശേരി താലൂക്ക്
# കണ്ണൂർ ജില്ല

## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

സംസ്ഥാന സർക്കാർ നവകേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന വികസന പദ്ധതിയാണ് തലശ്ശേരി താലൂക്കിൽ, വേങ്ങാട് വില്ലേജിൽ സ്ഥാപിക്കുന്ന ഗ്ലോബൽ ഡയറി വില്ലേജ്. ഓരോ ദിവസവും പതിമൂവായിരത്തി അഞ്ഞൂറ് ലിറ്റർ പാൽ, ഉയർന്ന ഗുണമേന്മയുള്ള ഭാരതത്തിന്റെ തനത് പശു ഇനങ്ങളിൽ നിന്നും ഉത്പാദിപ്പിച്ച്, അത് പാലും, മൂല്യവർദ്ധിത ഉത്പന്നങ്ങളും ആയി വിപണനം ചെയ്ത്, തൊഴിൽ അവസരങ്ങൾ, ഫാം വിനോദ സഞ്ചാരം, ജൈവകൃഷി, ജൈവ വള നിർമ്മാണം, എന്നിങ്ങനെ പ്രാദേശിക വികസനത്തിന്റെയും എല്ലാ തലങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, ഗ്രാമീണ വികസന രംഗത്ത് ഒരു കേരളീയ മാതൃക സൃഷ്ടിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വേങ്ങാട് വില്ലേജിൽ 28 ഏക്കർ ഭൂമിയിൽ ആരംഭിക്കുന്ന ഗ്ലോബൽ ഡയറി പദ്ധതി, പദ്ധതി പ്രദേശത്തിന്റെ 15- 25 കിലോമീറ്റർ ചുറ്റളവിൽ പത്തോളം ഉപഗ്രഹ ഡയറി പദ്ധതികളും വിഭാവനം ചെയ്യുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ ലക്ഷ്യം ഇടുന്ന പദ്ധതി ഗ്രാമീണ മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്.

### 1.2. പദ്ധതി പ്രദേശം

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ, വേങ്ങാട് വില്ലേജിൽ ഉൾപ്പെട്ട ഇരുപത്തി എട്ട് ഏക്കർ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി കണ്ടെത്തിയിരിക്കുന്നത്. അഞ്ചരക്കണ്ടി പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം എട്ടോളം ഭൂ ഉടമസ്ഥരുടെ ഉടമസ്ഥതയിൽ ആണ്. എന്നാൽ പദ്ധതി ഭൂമിയുടെ 95% വും ഒരു ഭൂ ഉടമസ്ഥന്റെ അധീനതയിൽ ആണ് ഉള്ളത്. തികച്ചും ഗ്രാമീണ പശ്ചാത്തലം ഉള്ള പദ്ധതി പ്രദേശം സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കുറഞ്ഞ സ്ഥലമാണ്. കാർഷിക പ്രധാനമായ പദ്ധതി പ്രദേശം, മൃഗ പരിപാലനത്തിലും, പാലുത്പാദനത്തിലും മുൻപന്തിയിലാണ്.. പഠനങ്ങൾ പ്രകാരം ഓരോ പത്ത് വീടുകളിൽ ആറ് വീടുകളിലും മൃഗ പരിപാലനം ഉള്ള സ്ഥലമാണ്. വേങ്ങാട് പഞ്ചായത്ത്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും പന്ത്രണ്ട് കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം, ദേശീയ പാത -66 - ൽ നിന്നും 20 കിലോമീറ്ററും, പ്രധാന ജില്ലാപാത ആയ തലശ്ശേരി - ഇരട്ടി പാതയിൽ നിന്നും 8 കിലോമീറ്ററും അകലെ സ്ഥിതി ചെയ്യുന്നു.

സാക്ഷരത, സ്ത്രീ- പരുഷ അനുപാതം എന്നിവയിൽ എല്ലാം സംസ്ഥാന ശരാശരിയോട് ചേർന്ന് നിൽക്കുന്ന പദ്ധതി പ്രദേശം വെള്ളപ്പൊക്ക സാധ്യത ഉള്ള പ്രദേശമാണ്. മൂന്ന്

വശങ്ങളും തോടുകളാൽ ചുറ്റപ്പെട്ട പദ്ധതി പ്രദേശത്ത് തെങ്ങ്, കവുങ്ങ്, തുടങ്ങിയ നാണ്യവിളകളും, വാഴ, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്യപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ എൽ.എ തലശ്ശേരി ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

### 2.1.1. (ബി). - ക്ഷീര വികസന വകുപ്പ്

കാർഷിക കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പശുപരിപാലനം. രാജ്യത്ത് പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടാണ് 1962-ൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ ക്ഷീരവികസന വകുപ്പ് രൂപീകൃതമായത്. പശുവളർത്തൽ എങ്ങനെ ആദായകരമാക്കാം എന്നും തൽഫലമായി ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുസ്ഥിരത എങ്ങനെ കൈവരിക്കാം എന്നതുമായിരുന്നു വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തെ തീറ്റപ്പുൽകൃഷി വികസന പദ്ധതിയുടെ നോഡൽ ഏജൻസിയുമാണ്. ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുക എന്നതും ക്ഷീരവികസന വകുപ്പിന്റെ പ്രധാന നയമാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിക്കുന്നത് ശുദ്ധവും സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ പാൽ ഉല്പാദിപ്പിക്കുന്നതിലും ശുദ്ധമായ പാൽ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിലുമാണ്. വകുപ്പിന്റെ തുടക്കത്തിൽ വാർഷിക ഉല്പാദനം 2 ലിറ്റർ ആയിരുന്നത് ഇപ്പോൾ 25.20 ലക്ഷം മെട്രിക് ടൺ ആയി നിൽക്കുന്നു. ഇതിൽ ക്ഷീരസംഘങ്ങൾ സംഭരിക്കുന്നത് 6.64 ലക്ഷം മെട്രിക് ടൺ ആണ്. കേരളം പാലുല്പാദനത്തിൽ ശരാശരി 80% സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. ഏകദേശം 3.29 ലക്ഷം ക്ഷീരകർഷകർ നാളിതുവരെ ഈ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിന്റെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ഉണ്ട്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ജില്ലാ ഓഫീസുകളുടെ ചുമതല ഡെപ്യൂട്ടി ഡയറക്ടർമാർക്കും, തിരുവനന്തപുരം ,കൊല്ലം , കോട്ടയം ,പാലക്കാട് ,കോഴിക്കോട് എന്നിവിടങ്ങളിലെ അഞ്ച് ക്ഷീര പരിശീലന കേന്ദ്രങ്ങളുടെ ചുമതല പ്രത്യേക ഡെപ്യൂട്ടി ഡയറക്ടർമാർക്കും ആണ് . ജില്ലാ ഓഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്മാരും, ജില്ലയിലെ ക്വളിറ്റി കൺട്രോൾ ഓഫീസർമാര് ജില്ലയിലെ ഗുണനിലവാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നു. ക്ഷീരവികസന ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ബ്ലോക്ക്പഞ്ചായത്ത് ക്ഷീരവികസന യൂണിറ്റുകളിൽ ഡയറിഫാം ഇൻസ്ട്രക്ടർമാരും പ്രവർത്തിക്കുന്നു. ഇതാണ് വകുപ്പിൻറെ അടിസ്ഥാനഘടകം .സംസ്ഥാനത്തെ ക്ഷീരകർഷകരുമായി

നേരിട്ട്ബന്ധപ്പെടുന്നത് ക്ഷീരവികസന യൂണിറ്റ് വഴി ആണ് . തിരുവനന്തപുരം ജില്ലയിലെ വലിയതുറയിൽ ഒരു തീറ്റപ്പുൽക്കൃഷിഫാമും, പട്ടത്ത് സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിക്കുന്നു .ഇത്കൂടാതെ കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ലബോറട്ടറികളും പ്രവർത്തിക്കുന്നു . 5 / 1 / 2006 ൽ ഇന്ത്യയിൽ പ്രഥമമായി നിലവിൽ വന്ന കേരളക്ഷീര കർഷക ക്ഷേമനിധി ബോർഡ് ക്ഷീര വികസന വകുപ്പിൻറെ മറ്റൊരു നാഴികക്കല്ലാണ് .

ക്ഷീര വികസന വകുപ്പിൻറെ പ്രധാന ചുമതലകളിൽ ഒന്നായിരുന്ന വിജ്ഞാന വ്യാപന പരിപാടികൾ ആരംഭ കാലം മുതൽ നാളിതുവരെ അതീവ പ്രാധാന്യത്തോടെ കൈകാര്യം ചെയ്തു വരുന്നു .ശുദ്ധമായ പാൽ ഉത്പാദനം ക്ഷീരവികസന വകുപ്പിൻറെ പ്രഖ്യാപിത ലക്ഷ്യമായി ആദ്യകാലം മുതലേ സ്വീകരിച്ചിരുന്നു . സംസ്ഥാന, റീജിയണൽ ലാബുകൾ ഇതിലേക്കായി പ്രവർത്തിച്ചു വരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി ,ക്ഷീര സംഘങ്ങൾക്കുള്ള ധന സഹായം ,വാണിജ്യടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി പദ്ധതി,കാലിത്തീറ്റ സബ്സിഡി ,പാൽ ഇൻസെന്റീവ് തുടങ്ങിയ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു .ക്ഷീരവികസന വകുപ്പിന്റെ മറ്റൊരു അഭിമാനകരമായ നേട്ടം 2010 ൽ സ്ഥാപിതമായ സ്റ്റേറ്റ് ഡയറി ലാബാണ് .ISO 9001.2005 സർട്ടിഫൈഡ് NABL അക്രെഡിറ്റേഷൻ ഉള്ള ലാബിൽ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് പാൽ, പാൽ ഉൽപന്നങ്ങൾ ,കാലിത്തീറ്റ ,വെള്ളം എന്നിവയുടെ പരിശോധന നടത്തിവരുന്നു

**ലക്ഷ്യം :**

- ക്ഷീരമേഖലയുടെ സമഗ്രമായ ഉന്നമനം ഉറപ്പുനൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്.
- ക്ഷീരമേഖലയിൽ ദൈനംദിനമുള്ള ലാഭം പരമാവധിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്.
- സംസ്ഥാനത്ത് ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തികസ്ഥിരത ഉറപ്പുവരുത്തുന്നതിന്.
- ശുപാർശപ്രകാരമുള്ള പാലിന്റെ മിനിമം ആവശ്യകതയുടെ ലഭ്യത ഉറപ്പാക്കുന്നതിന്.
- 2006ലെ ഭക്ഷ്യസുരക്ഷാനിയമത്തിന് അനുസൃതമായി പ്രവർത്തിക്കാൻ ഈ മേഖലയെ പ്രാപ്തമാക്കുക.
- കേരളത്തിലെ ഉപഭോക്താക്കൾക്ക് ശുദ്ധവും സുരക്ഷിതവുമായ പാൽ ഉറപ്പാക്കാൻ.
- പുതിയ സംരംഭകരിലൂടെ ഗ്രാമീണമേഖലയിൽ സ്വയം തൊഴിലിനുള്ള അവസരമുണ്ടാക്കൽ
- ക്ഷീരമേഖലയിലെ വികസന സുസ്ഥിരത.
- ക്ഷീരമേഖലയെ ശക്തിപ്പെടുത്തുക.
- ക്ഷീരകർഷകർക്ക് മികച്ച വില ലഭിക്കുന്നതിന് മൂല്യവർദ്ധനവും മെച്ചപ്പെടുത്തിയ മാർക്കറ്റിംഗ്.

- ക്ഷീരമേഖലയിലെ ഫലപ്രദമായ ഉല്പാദനത്തിനായുള്ള കണ്ടുപിടിത്തങ്ങൾക്കും ഗവേഷണങ്ങൾക്കും വികസനത്തിനുമായുള്ള ധനവിനിയോഗം.
- കർഷകരുടെ വാതിൽപ്പടിയിൽ മികച്ച സേവനം നൽകുക.
- ഫലപ്രദമായ വിപുലീകരണ പ്രവർത്തനങ്ങളിലൂടെ സാങ്കേതിക കൈമാറ്റം.
- ക്ഷീരസംഘങ്ങളിലെ പാൽ ശേഖരണവും വിലനിർണ്ണയസംവിധാനങ്ങളും സ്വപ്രേരിതമാക്കുക.
- ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിംഗ്, മാനേജ്മെന്റ് സിസ്റ്റം ഏകീകരിക്കുക.
- ക്ഷീരവികസന വകുപ്പ് ,സംരംഭകര്, ക്ഷീരസംഘങ്ങള് എന്നിവരുടെ ഒരു സംയോജിത നെറ്റ്വർക്ക് സൃഷ്ടിക്കുക.

ക്ഷീരമേഖലയുടെ ആത്യന്തികമായ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട്, സഹകരണ മേഖലയിലുള്ള ഏവരെയും ഉൾപ്പെടുത്തിക്കൊണ്ട്, ഉല്പന്നങ്ങളുടെ ഗുണമേന്മയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിലൂടെ ആരോഗ്യസംരക്ഷണവും, ന്യായമായ വ്യാപാരപ്രക്രിയയും അനുവർത്തിച്ച്, നൂതന സാങ്കേതികവിദ്യ സ്വായത്തമാക്കി, സുസ്ഥിരവും ആദായകരവുമായ വികസന പ്രവർത്തനങ്ങൾ കൈക്കൊണ്ട് വിജയകരമായ കാർഷിക സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് ക്ഷീരവികസന വകുപ്പിന്റെ ദൗത്യം'

**(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

ഇരുപത്തി എട്ട് ഏക്കർ വരുന്ന പദ്ധതി ഭൂമി ഏഴ് ഭൂ ഉടമസ്ഥരുടെ ഉടമസ്ഥാവകാശത്തിലാണ്. എന്നാൽ 95% ഭൂമിയും അബ്ദുൾ റസാക്ക് എന്ന പ്രവാസി മലയാളിയുടെ ഉടമസ്ഥതയിൽ ആണ്. മൂന്ന് വശവും തോടുകളാൽ ചുറ്റപ്പെട്ട പദ്ധതി ഭൂമി പൊതുമരാമത്ത് റോഡിൽ നിന്നും 500 മീറ്റർ ഉള്ളിലോട്ട് സ്വകാര്യ റോഡ് സൗകര്യം ഉള്ള പ്രദേശമാണ്. 95% ഭൂ ഉടമസ്ഥതയുള്ള ഭൂ ഉടമസ്ഥൻ ഒരു സ്വകാര്യ ഡയറി ഫാം സ്ഥാപിക്കുകയും ആയതിന് വേണ്ടി കുളം അടക്കമുള്ള ജലസേചന സൗകര്യങ്ങൾ, വേലി, ജോലിക്കാർക്ക് ഉള്ള താമസ്സ സൗകര്യങ്ങൾ, സംഭരണ കേന്ദ്രങ്ങൾ എന്നിവ തയ്യാറാക്കുകയും ചെയ്ത സ്ഥലമാണ്. ഉദ്ദേശം മൂവായിരത്തോളം തെങ്ങുകളും മറ്റ് വൃക്ഷങ്ങളും, പദ്ധതി പ്രദേശത്ത് ഉണ്ട്. ആടുകളെ വളർത്താൻ സജ്ജമാക്കിയ ഫാം സൗകര്യങ്ങൾ, ജലസേചനത്തിനുള്ള പമ്പുകൾ, പൈപ്പുകൾ എന്നിവയും പദ്ധതി ഭൂമിയിൽ ചമയങ്ങളായി ഉണ്ട്.

**(ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം**

പദ്ധതി പ്രദേശത്തിന്റെ 95% ഭാര്യയും ഭർത്താവും ഉൾപ്പെടുന്ന ഒരു കുടുംബത്തിന്റെ ഉടമ സ്ഥാവകാശത്തിലാണ്. ശേഷിക്കുന്ന 5% ഉദ്ദേശം ആറ് വ്യക്തികളുടെ ഉടമസ്ഥതയിലാണ്. അതിൽ കേവലം പത്ത് സെന്റ് മാത്രം ഉടമസ്ഥതയുള്ള സ്ത്രീ കടുംബനാഥയായ കുടും ബവും ഉൾപ്പെടുന്നു. വീട് വയ്ക്കുന്നതിനുവേണ്ടി ലഭ്യമാക്കിയ പ്രസ്തുത ഭൂമി നഷ്ടപ്പെടു മ്പോൾ അവരുടെ പുനരധിവാസം ഉറപ്പ് വരുത്തേണ്ടതുണ്ട്. മറ്റ് പദ്ധതി ബാധിതരായ ഭൂഉട

മസ്ഥർ എല്ലാവരും മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതിയുള്ളവരാണ്. ഏഴ് പദ്ധതി ബാധിതരിൽ രണ്ട്പേർ ഹിന്ദു മത വിശ്വാസികളും അഞ്ച് പേർ മുസ്ലീം മതസ്ഥരുമാണ്. 05% ഭൂമിയുടെ ഉട മസ്ഥതയുള്ള ഭൂഉടമസ്ഥൻ ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള ഒരു പ്രവാസിയും, സംരംഭക നുമാണ്. എല്ലാ പദ്ധതി ബാധിതരും സാക്ഷരരും, ഒരാൾ ഒഴിച്ച് എല്ലാവരും പത്താംതര ത്തിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമാണ്. പ്രവാസിയായ പദ്ധതി ബാധിതൻ ഒഴിച്ച് ശേഷിക്കുന്നവർ എല്ലാം സ്വയം തൊഴിൽ, കൃഷി,കൂലി തുടങ്ങിയ ജോലികളിൽ ഏർപ്പെടുന്നവരാണ്. മേൽ സൂചിപ്പിച്ച 10 സെന്റ് ഉടമസ്ഥാവകാശമുള്ള സ്ത്രീ കുടുംബം ഒഴിച്ച് ബാക്കി എല്ലാം ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾ ആണ്.

### 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതി സംബന്ധമായി യാതൊരു വിധ ബദൽ നിർദ്ദേശങ്ങളും ലഭ്യമായിട്ടില്ല.

### 1.5. സാമൂഹിക പ്രത്യാഘാതം

ഏഴ് ഭൂ ഉടമസ്ഥർക്ക് ഉണ്ടാവുന്ന ഭൂമി നഷ്ടം ആണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. എന്നാൽ അതിൽ പ്രവാസി ആയ ഭൂ ഉടമസ്ഥൻ തന്റെ സ്വകാര്യ സംരംഭമായി ആരംഭിച്ച ആട് ഫാമിന്റെ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ 95%. പ്രസ്തുത സ്വകാര്യ ആട് ഫാമിന് വേണ്ടി വലിയ ഒരു തുക പദ്ധതിബാധിതനായ ഭൂ ഉടമസ്ഥൻ മുതൽ മുടക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയിലേക്കുള്ള റോഡ് വികസനം, സ്വകാര്യ പദ്ധതിക്ക് വേണ്ടി നടത്തിയ കുളം, ജലസേചന സൗകര്യങ്ങൾ, അതിർത്തി വേലികൾ താമസ്സ സൗകര്യങ്ങൾ, മറ്റ് അനുബന്ധ നിർമ്മാണങ്ങൾ എന്നിവ. ഇപ്രകാരം നടത്തിയ മുതൽമുടക്കുകൾ ഭൂമിയടെ മൂല്യവർദ്ധനയ്ക്ക് കാരണമായിട്ടുണ്ട്. ഈ മൂല്യവർദ്ധന വില നിർണ്ണയ നടപടികളിൽ കണക്കാക്കപ്പെടണം. എന്നാണ് പദ്ധതിബാധിതൻ ആവശ്യപ്പെടുന്നത്. സംസ്ഥാനത്തിന്റെ അഭിമാനമായ പ്രാദേശിക വികസനത്തെ ത്വരിതപ്പെടുത്തുന്ന പദ്ധതിയോട് ഭൂ ഉടമസ്ഥർക്ക് എല്ലാം യോജിപ്പാണ് ഉള്ളത്. എന്നാൽ തങ്ങളുടെ ഭൂമിക്ക് ന്യായമായ വില ലഭ്യമാക്കണം എന്ന നിർദ്ദേശം മാത്രമാണ് അവർക്ക് ഉള്ളത്. കൂടതെ വില നിർണ്ണയം, നഷ്ടപരിഹാര വിതരണം , ഭൂരേഖകളുടെ പരിശോധന ഇങ്ങനെ വിവിധങ്ങളായ ആവശ്യങ്ങൾക്ക്, സമയ നഷ്ടം ഉണ്ടാവാത്ത വിധം കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ വിവിധ വകുപ്പുകൾ ശ്രദ്ധിക്കണം എന്ന് പദ്ധതിബാധിതർ ആവശ്യപ്പെടുന്നു. പദ്ധതി പ്രാദേശിക വികസനത്തെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനേയും വലിയ അളവിൽ സഹായിക്കും. പദ്ധതി, പദ്ധതി പ്രദേശത്തെ രാജ്യാന്തര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥലമാക്കി മാറ്റും, ആയത് വലിയ രീതിയിലുള്ള സന്ദർശക പ്രവാഹം, വാഹന ഗതാഗതം, പഠന സംഘങ്ങളുടെ താമസ്സ സൗകര്യങ്ങൾ, വിനോദ സഞ്ചാര സാധ്യത എന്നിവ വർദ്ധിപ്പിക്കും. ഇത് ആയിരക്കണക്കിന് അനുബന്ധ തൊഴിൽ സാധ്യത, അടിസ്ഥാന സൗകര്യ വർദ്ധന എന്നിവ സാധ്യമാക്കും.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക<br>ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 4. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 5. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 6 | ജോലി നഷ്ടം | നഷ്ട പരിഹാരം | പുനരധിവാസവും പുനർവാസവും |
| 7 | കുളങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | സ്രോതസ്സുകൾ പുനർനിർമ്മിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുക. |
| 8 | കിണറുകളുടെ നഷ്ടം | നിയന്ത്രണം ഒഴിവാക്കുക | സാധ്യമാകുവോളം സംരക്ഷിക്കുക |
| 9 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 10 | പൊതു ജലസേചന സൗകര്യങ്ങളായ കനാൽ/ചെറു തോടുകളുടെയും നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |

| | | | |
|---|---|---|---|
| 11 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരവും<br><br>നിയ ന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്ന തിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 12 | കൃഷിഭൂമിയുടെ നഷ്ടം | നഷ്ട പരി ഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 13 | ഉപയോഗശൂന്യമായ തുണ്ടു ഭൂമികളുടെ രൂപപ്പെടൽ | നിയന്ത്രണം | ഉപയോഗശൂന്യമായ തുണ്ടുഭൂ മികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 14 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരി ഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 15 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 16 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചായത്ത് തല ത്തിലും പ്രവർത്തിക്കുക. |

**1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസി റ്റീവ്/ നെഗ റ്റീവ് | സാധ്യതാ നിലവാരം | പ്രത്യാ ഘാത തീവ്രത | പ്രത്യാ ഘാതം - ലഘൂ കരണ ത്തിന് മുമ്പ് | പ്രത്യാ ഘാതം - ലഘൂ കരണ ത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 2 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | കെട്ടിടങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | വളരെ ഉയർന്ന | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 4 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 5 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 6 | ജോലി നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മിതമായ | കുറഞ്ഞത് | കുറഞ്ഞത് | മതിയായ നഷ്ട പരിഹാരം |
| 7 | കുളങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | സ്രോതസ്സുകൾ പുനർ നിർമ്മിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുക |
| 8 | കിണറുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | സാധ്യമാകുവോളം സംരക്ഷിക്കുക |
| 9 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | പൊതു ജല സേചന സൗകര്യങ്ങളായ കനാൽ/ചെറുതോടുകളുടെയും നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | പുനസ്ഥാപനം |
| 11 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 12 | കൃഷിഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 13. | ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 14. | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 15 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | പരാതി പരി ഹാരം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കു ക. |

**1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

താമസ്സ ഭവനങ്ങൾ ഒന്നും നഷ്ടപ്പെടുന്നില്ല എന്നതും, പ്രാദേശിക വാസികളുടെ ജീവിതത്തെ ഒരു രീതിയിലും ദോഷകരമായി പദ്ധതി ബാധിക്കുന്നില്ല എന്നതും കണക്കാക്കുമ്പോൾ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുതരം എന്ന് കണക്കാവുന്നതാണ്. എന്നാൽ പദ്ധതി ഭൂമിയടെ 95% കൈവശം ഉള്ള പ്രവാസി ആയ സംരംഭകൻ തന്റെ സമ്പാദ്യം നിക്ഷേപിച്ച് ആരംഭിച്ചതും, വികസിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു വളർത്തു മൃഗ ഫാമിന്റെ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. അതുകൊണ്ട് തന്നെ പ്രസ്തുത ഭൂമിയെ കൃഷി ഭൂമി തരത്തിൽ ഉൾപ്പെടുത്തി വിലനിർണ്ണയം നടത്തുന്നത് പ്രത്യാഘാതം വർദ്ധിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കും. മറിച്ച് സംരംഭകത്വ ഭൂമിയായി കണക്കാക്കി വാണിജ്യ പ്രാധാന്യം നൽകി നഷ്ടപരിഹാര നിർണ്ണയം നടത്തുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്. കൂടാതെ മേൽപ്പറഞ്ഞ ഭൂമിയോട് സമീപസ്ഥമായി സ്ഥതിചെയ്യുന്ന ഏഴ് ഭൂ ഉടമസ്ഥരുടെ ഭൂമിയും ഏറ്റെടുക്കുന്നുണ്ട്. അതിൽ ഒരു സ്ത്രീ ഉടമസ്ഥയായ ഭൂമി, അവർ വീട് നിർമ്മാണത്തിന് സ്വന്തമാക്കിയതാണ്. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ടീ ഭൂ ഉടമസ്ഥയുടെ ഭൂമി പ്രത്യേഗ പരിഗണന നൽകി ഏറ്റെടുക്കേണ്ടതാണ്. തന്റെ സംരംഭത്തിന് സഹായകരമായ രീതിയിൽ സ്വകാര്യമായി നിർമ്മിച്ച റോഡ്. ഇപ്പോൾ പ്രാദേശികവാസികൾ ഉപയോഗിക്കുന്നുണ്ട്. എങ്കിലും പ്രസ്തുത സ്വകാര്യ റോഡ് വികസിപ്പിക്കുന്നതിന് വേണ്ടി നടത്തിയ ഭൂമി വാങ്ങൽ രേഖകൾ പദ്ധതിബാധിതനായ ഭൂ ഉടമസ്ഥന്റെ കൈവശം ഉണ്ട്. ഇപ്രകാരം വാങ്ങിയ വസ്തുക്കളെയും സ്വകാര്യ ഭൂമിയായി കണക്കാക്കി നഷ്ടപരിഹാരം നൽകണം എന്ന് പദ്ധതിബാധിതൻ ആവശ്യപ്പെടുന്നു.

പദ്ധതി പ്രദേശം 2018 - ലെ വെള്ളപ്പൊക്കത്തിൽ പ്രകൃതി ദുരന്തം നേരിട്ട പ്രദേശമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും, പദ്ധതി നടപ്പാക്കുമ്പോഴും ആയത് കണക്കാക്കി ദുരന്ത മുന്നൊരുക്കങ്ങൾക്ക് പ്രാധാന്യം നൽകണം എന്ന് പദ്ധതിബാധിതരും, ജനപ്രതിനിധികളും ആവശ്യപ്പെടുന്നു.

ഉദ്ദേശം ഏഴായിരത്തോളം കവുങ്ങ്, തെങ്ങ്, മറ്റ് മരങ്ങൾ എന്നിവ പദ്ധതിക്ക് വേണ്ടി മുറിക്കപ്പെടുവാൻ സാധ്യതയുണ്ട്. ഈ മരങ്ങൾക്ക് പകരമായി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതും, അഞ്ചരക്കണ്ടി പുഴയോരത്തുള്ള വൃക്ഷങ്ങൾ നിലനിർത്തേണ്ടതും,

പദ്ധതി പ്രകൃതിക്ക് സൃഷ്ടിക്കാൻ സാധ്യതയുള്ള പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.
പദ്ധതി പ്രദേശം വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശമാണ്. അതു കൊണ്ട് തന്നെ പദ്ധതി സംബന്ധമായ നിർമ്മാണങ്ങൾ, വികസന പ്രവർത്തനങ്ങൾ എന്നിവ പ്രകൃതി ദുരന്ത മുന്നൊരുക്കങ്ങളോടെയും പ്രാദേശികമായി ദുരന്ത സാധ്യത കുറക്കുന്നതും ആവണം.
പദ്ധതി വലിയ വികസന സാധ്യത തുറന്ന് നൽകുകയാണ്. ആയതിന് അനുപാതികമായി അടിസ്ഥാന വികസനം രൂപപ്പെടേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയത് സംബന്ധമായി മുൻകൂട്ടി പദ്ധതികൾ തയ്യാറാക്കുന്നത്, പദ്ധതിക്ക് ജനകീയസ്വീകാര്യത, പങ്കാളിത്തം എന്നിവ ഉറപ്പ് വരുത്തും.

പദ്ധതി സംബന്ധമായി, പദ്ധതിബാധിതർക്കോ, പ്രാദേശികവാസികൾക്കോ വേണ്ടത്ര അറിവ് ലഭ്യമായിട്ടില്ല. പദ്ധതിയുടെ ലക്ഷ്യം, ഉദ്ദേശം, നേട്ടങ്ങൾ എന്നിവ ജനപ്രതിനിധികൾ, പ്രാദേശികവാസികൾ, പദ്ധതി ബാധിതർ എന്നിവർക്ക് നൽകുന്നത്, പദ്ധതി സംബന്ധമായി ജനങ്ങൾക്ക് ശരിയായ ധാരണ രൂപപ്പെടുന്നതിന് സഹായകരണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ് എന്നാണ്.

**സാജു വി. ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്**

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

അനുബന്ധം - 1

## ധർമ്മടം - വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ്

### പടുവിലായി വില്ലേജ്, തലശ്ശേരി താലൂക്ക്, കണ്ണൂർ ജില്ല

### ഭൂമിയിലോ, ചമയങ്ങളിലോ ഉടമസ്ഥാവകാശമുള്ള പദ്ധതി ബാധിതർ

| ക്രമ നമ്പർ | സർവ്വേ നമ്പർ | പേരും മേൽവിലാസവും | ഫോൺനമ്പർ | ബാധിക്കപ്പെടുന്ന വസ്തുക്കളുടെ വിവരം |
|---|---|---|---|---|
| 1 | 4/1, 4/2, 5/1 | അബ്ദുൾ റസാക്ക്, വെളിയന്നൂർ | 9747609993<br>00971506460993 | ആട് ഫാമിന് വേ ി നിർമ്മിച്ച നിർമ്മാണങ്ങൾ<br><br>കോഴി ഫാം<br><br>ജലസേചന മാർഗ്ഗങ്ങൾ<br><br>മറ്റ് ചമയങ്ങൾ |
| 2 | 5/2, 5/3, 5/4, | ഖദീജ | | സ്ഥലം |
| 3 | 5/5, 5/6, 6/1എ, | റംലത്ത്, ഫൈസൽ, ഫായിസ്, ഫവാസ്, | 9995266970 | സ്ഥലം |
| 4 | 6/1ബി, 6/1സി, | ആയിഷ | 9526621084 | സ്ഥലം |
| 5 | 6/1ഡി, 6/1ഇ, | വിജയൻ മുതൽ പേർ | 9288800191 | സ്ഥലം |
| 6 | 6/1എഫ് | ഹരി | 99961711478 | സ്ഥലം |
| 7 | 6/2, 6/3 | ഷെറഫ് | 9447648014 | സ്ഥലം |

അനുബന്ധം - 2

# PHOTOGRAPHS
















അനുബന്ധം - 3

DCKNR/10585/2021-C1

540921/2023/(J),DCKNR

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2023 ആഗസ്റ്റ് 26<br>26th August 2023<br>1199 ചിങ്ങം 10<br>10th Chingam 1199<br>1945 ഭാദ്രം 4<br>4th Bhadra 1945 | നമ്പർ<br>No. 2832 |


### GOVERNMENT OF KERALA
### REVENUE (B) DEPARTMENT
### NOTIFICATION

G.O.(P)No.208/2023/RD Dated,Thiruvananthapuram,25/08/2023

**S. R. O. No. 917/2023**

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the land acquisition of 10.91 Hectares of land in Paduvilayil Village of Kannur district for establishing the Dharmadam - Vengad Global Dairy Village.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOW THEREFORE, sanction is hereby accorded to Social Impact Assessment Unit, viz. Kerala Voluntary Health Services, Mullankuzhy Collectorate P.O, Kottayam to conduct a Social Impact assessment Study and to prepare a Social Impact Assessment Plan as provided in the Act. The process shall be completed within a period of Three months in any case.

**SCHEDULE**

District : Kannur

Village : Paduvilayi Taluk : Thalassery

(The extent given is approximate)

| Survey Nos | Description (Village) | Extent in Area (Hectares) |
|---|---|---|
| 4/1, 4/2, 5/1, 5/2, 5/3, 5/4, 5/5, 5/6, 6/1A, 6/1B, 6/1C, 6/1D, 6/1E, 6/1F, 6/2, 6/3 | Paduvilayi | 10.91 Hectares |

By order of the Governor,
ABDUL NASAR B IAS
ADDITIONAL SECRETARY (REVENUE)

Explanatory Note

(This does not form part of the notification, but is intended to indicate its general purport)

The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Rules has come into force on 19.09.2015 and as per Rule 10 notifying a Social Impact Assessment Unit for conducting Social Impact Assessment Study is required. Requisition has been received for acquiring 10.91 Hectares of land in Paduvilayil Village of Kannur district for establishing the Dharmadam - Vengad Global Dairy Village.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/